**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1887 — 07.03.2017-ൽ മറുപടിയ്ക്ക്

**കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. തോമസ് ചാണ്ടി** | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ? | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ആദ്യഘട്ടമായ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണപ്രവർത്തനം 31.03.2017-ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി മെട്രോ റെയിൽ സുരക്ഷാ കമ്മീഷണറുടെ പരിശോധന നടത്തി അംഗീകാരം ലഭിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അംഗീകാരം ലഭിച്ച ശേഷം, സംസ്ഥാന സർക്കാരിന്റെ അനുമതിയോടു കൂടി മെട്രോയുടെ ആദ്യഘട്ടം പ്രവർത്തനം ആരംഭിക്കാവുന്നതാണ്.<br>ആലുവ മുതൽ പാലാരിവട്ടം വരെയുള്ള നിർമ്മാണ പ്രവർത്തനത്തിന്റെ ഭാഗമായി വയഡക്ട്, ട്രാക്ക്, വൈദ്യുതീകരണജോലികൾ പൂർത്തിയായി കഴിഞ്ഞു. ആകെയുള്ള പതിനൊന്ന് സ്റ്റേഷനുകളുടെ ആർ.സി.സി സ്ട്രക്ചർ പൂർത്തിയായിക്കഴിഞ്ഞു. ബാക്കിയുള്ള അവസാന ഘട്ട പണികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>അഞ്ചു ട്രെയിനുകൾ ഇപ്പോൾ മുട്ടത്തുള്ള മെട്രോ ഡിപ്പോയിൽ പരീക്ഷണ ഓട്ടത്തിലാണ്. ബാക്കിയുള്ള സിഗ്നലിംഗ്, ടെലികമ്മ്യൂണിക്കേഷൻ ജോലികൾ പുരോഗമിക്കുന്നു. സിഗ്നലിംഗ് വിഭാഗത്തിന്റെ സുരക്ഷാ പരിശോധന ഏതാനും ആഴ്ചകൾക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br>മെട്രോ സുരക്ഷാ കമ്മീഷണറുടെ അനുമതിക്കായുള്ള ഒന്നാം ഘട്ട അപേക്ഷ സമർപ്പിക്കുകയും, രണ്ടാം ഘട്ട അപേക്ഷ സമർപ്പണത്തിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. സുരക്ഷാ പരിശോധനയ്ക്കുള്ള തയ്യാറെടുപ്പുകളും തുടങ്ങിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ